# കേരള സർവകലാശാല

നം.പി.ആർ.7/2019 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2018 ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി ബയോടെക്നോളജി പരീക്ഷയുടെ പ്രാക്ടിക്കൽ 2019 ജനുവരി 16 നും 17 നും അതത് പരീക്ഷാകേന്ദ്രങ്ങളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പുതുക്കിയ പരീക്ഷാ തീയതി

2019 ജനുവരി 3 ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.എ (ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്) [Vocational Course VI - CG 1571 - English Language Teaching (2013 Admission Onwards)], ബി.എ (കമ്മ്യൂണിക്കേറ്റീവ് അറബിക്) [Vocational Course VI - AC 1571 - Use of Language II (2014 Admission Onwards)] ബി.എസ്.സി (ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് സയൻസ്) [Core Course BH 1545 - Marketing and Sales (2014 Admission onwards), Core Course BH-1545-Marketing & Sales (2013 Admission) പരീക്ഷകൾ 2019 ജനുവരി 18 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ആറാം സെമസ്റ്റർ യൂണിറ്ററി എൽ.എൽബി. പരീക്ഷകളുടെ ഭാഗമായി 2019 ജനുവരി 3 ന് പാറശ്ശാല ചെറുവാരക്കോണം സി.എസ്.ഐ കോളേജ് ഓഫ് ലീഗൽ സ്റ്റഡീസിലും ജനുവരി 8 ന് തിരുവനന്തപുരം ഗവ. ലോ കോളേജിലും ജനുവരി 9 ന് തിരുവനന്തപുരം കേരള ലോ അക്കാദമി ലോ കോളേജിലും നടത്താനിരുന്ന വാചാ പരീക്ഷകൾ യഥാക്രമം 2019 ജനുവരി 18, 22, 17 തീയതികളിലേക്ക് മാറ്റിയിരിക്കുന്നു. വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി അതത് പരീക്ഷകേന്ദ്രങ്ങളിൽ ഹാജരാകണം.

### തീയതി നീട്ടി

2018 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്, കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് പരീക്ഷയുടെ സി.ഇ. മാർക്കുകൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള തീയതി 2019 ജനുവരി 14 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

## സൂക്ഷ്മപരിശോധന

2018 മേയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ടെക് (2013 സ്കീം), ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് (2013 സ്കീം) പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾ ടിക്കറ്റുമായി ബി.ടെക് റീ-വാല്യുവേഷൻ സെക്ഷനിൽ ജനുവരി 18 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഹാജരാകണം.

## പരീക്ഷാഫലം

2018 ജൂലൈയിൽ നടത്തിയ ബി.എസ്.സി ബയോടെക്നോളജി (മൾട്ടിമേജർ) (350) - 2016 അഡ്മിഷൻ - റെഗുലർ, 2015 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്, 2014 & 2013 അഡ്മിഷൻ - സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2019 ജനുവരി 23 വരെ ഓൺലൈനായി അപേക്ഷിക്കാം.

## മൂല്യനിർണ്ണയ ക്യാമ്പ്

2018 ൽ നടന്ന വിവിധ എൽ.എൽ.ബി പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന എല്ലാ ലോ കോളേജുകളിലെയും റഗുലർ ക്ലാസുകൾ റദ്ദ് ചെയ്ത്കൊണ്ട് 2019 ജനുവരി 16 മുതൽ 25 വരെ പരീക്ഷാകൺട്രോളറുടെ കെട്ടിടസമുച്ചയത്തിലുള്ള മൂല്യനിർണ്ണയ കേന്ദ്രത്തിൽ ആരംഭിക്കുന്നതാണ്.

## പരീക്ഷാഫീസ്

2019 ഫെബ്രുവരി 22 ന് ആരംഭിക്കുന്ന ഒൻപതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ. എൽ.എൽ.ബി/ബി.കോം എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി പരീക്ഷകൾക്ക് പിഴ കൂടാതെ ജനുവരി 17 വരെയും 50 രൂപ പിഴയോടെ ജനുവരി 19 വരെയും 125 രൂപ പിഴയോടെ ജനുവരി 21 വരെയും അപേക്ഷിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

അഞ്ചാം സെമസ്റ്റർ ബി.ടെക് പാർട്ട്ടൈം റീസ്ട്രക്ച്ചേർഡ് (2008 സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ ഓൺലൈൻ/ഓഫ്ലൈൻ രജിസ്ട്രേഷൻ 2019 ജനുവരി 11 മുതൽ ആരംഭിക്കുന്നതാണ്. പരീക്ഷയ്ക്ക് പിഴ കൂടാതെ ജനുവരി 18 വരെയും 50 രൂപ പിഴയോടെ ജനുവരി 21 വരെയും 125 രൂപ പിഴയോടെ ജനുവരി 23 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## അദ്ധ്യാപക പരിശീലനം

ബി.കോം സിലബസിൽ പുതുതായി ഉൾപ്പെടുത്തിയ Business Mathematics, E-Business കോഴ്സുകൾക്കായി കോളേജ്/യു.ഐ.ടി അദ്ധ്യാപകർക്ക് ജനുവരി 15 മുതൽ 17 വരെയും ജനുവരി 21 മുതൽ 23 വരെയും രണ്ടു ഘട്ടങ്ങളിലായി മൂന്നു ദിവസം വീതമുള്ള പരിശീലനം കാര്യവട്ടം HRDC യിൽ നടത്തുന്നു. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക : ഡോ. ആർ. വസന്തഗോപാൽ (കോ-ഓർഡിനേറ്റർ) 9895018010.

## യോഗ ശിൽപശാല

വേദാന്ത പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 2019 ജനുവരി 11 മുതൽ 13 വരെ കാര്യവട്ടം ക്യാമ്പസിൽ വച്ച് യോഗ ശിൽപശാല നടത്തുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ 6282155861, 9446409948, 9400552206 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

തിരുവനന്തപുരം.
10.01.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**